ആ സ്ഥലം ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് ചില തടസ്സങ്ങളുണ്ടായിട്ടുണ്ട്. അത് പരിഹരിച്ച് സ്ഥലം ഉടൻ കൈമാറുമെന്നാണ് പ്രതീക്ഷ. കുട്ടനാട് ജലവിതരണ പദ്ധതിയുടെ പ്രധാനപ്പെട്ട വിതരണക്കുഴലുകൾ 35 വർഷത്തോളം പഴക്കമുള്ളതാണ്. അതുകൊണ്ട് നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാലപ്പഴക്കംകൊണ്ടുണ്ടായ പോരായ്മ ധാരാളം അവിടെയുണ്ടെന്നുള്ളത് ഡിപ്പാർട്ടുമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടെക്നോളജി മിഷനിൽപ്പെടുത്തി പള്ളിക്കൂട്ടുമായിൽ 7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ടാങ്കിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. എൻ.സി.പി.സി.-യിൽപ്പെടുത്തി രാമങ്കരിയിലും മുട്ടാറിലും രണ്ടര ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ടാങ്കിന്റെ പണികളും തലവടിയിൽ 4.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ടാങ്കിന്റെ പണികളും അവാർഡു ചെയ്തുകഴിഞ്ഞു. ഇതിൽ തലവടിയിലെ ടാങ്കിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഉടൻതന്നെ മറ്റു രണ്ട് ടാങ്കുകളുടേയും പണികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ഡോ. കെ. സി. ജോസഫ്: 11 ദശലക്ഷം ലിറ്റർ വെള്ളം കുട്ടനാട്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ടിയുള്ള നടപടികളും ഉപ്പുവെള്ളം കടന്നുവരുന്ന സമയത്ത് വാഹനങ്ങളിൽ വെള്ളമെത്തിക്കുന്നതിനുള്ള നടപടികളും ആവിഷ്ക്കരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ നേരത്തെ പറഞ്ഞതുപോലെ തിരുവല്ല വാട്ടർ സപ്ലൈ സ്കീമിനകത്ത് മൂന്ന് പ്രധാനപ്പെട്ട പ്രദേശങ്ങൾക്കുതന്നെയാണ് വെള്ളം വിതരണം ചെയ്യുന്നത്. അത് ബഹുമാനപ്പെട്ട അംഗത്തിന് നന്നായി അറിയാം. അതിന്റെ മൂന്നിലൊന്ന് എന്നുള്ള നിലയിലേക്കാണ് കുട്ടനാട് പ്രദേശത്തേക്ക് അവർ ഉദ്ദേശിക്കുന്നത്. വാട്ടർ ഷെയറിംഗിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ വളരെക്കാലമായി നിലനിൽക്കുന്നുണ്ടെന്ന് അങ്ങേക്ക് അറിയാമല്ലോ? മൊത്തത്തിൽ ലഭിക്കുന്ന വെള്ളത്തിന്റെ മൂന്നിലൊന്നാണ് കുട്ടനാട്ടിന് ലഭിക്കാൻ അർഹതയുള്ളത്. അത് എന്താണെന്ന് പരിശോധിച്ച് ന്യായമായിട്ടെടുക്കാവുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ അവിടെ ഓരുവെള്ളം കയറുന്നതിന്റെ പോരായ്മയെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതിനുള്ള ഒരു ബദൽ ക്രമീകരണം സാമ്പത്തികലഭ്യതയനുസരിച്ച് ചെയ്യുന്നതാണ്.

(2) താമരശ്ശേരിയിൽ മുൻസിഫ് കോടതി

ശ്രീ. സി. മോയിൻകുട്ടി : സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിലെ താമരശ്ശേരി പട്ടണത്തിൽ ഒരു മുൻസിഫ് കോടതി ആരംഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര പ്രാധാന്യത്തെക്കുറിച്ചാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. കോഴിക്കോട് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയാണ് എന്റേത്. 75 കിലോമീറ്ററിലധികം സഞ്ചരിച്ചിട്ടുവേണം സിവിൽ വ്യവഹാരങ്ങൾക്ക് കോഴിക്കോട് എത്താൻ.

LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി, കുന്നമംഗലം, തിരുവമ്പാടി മണ്ഡലങ്ങളിലുള്ള നിരവധി പഞ്ചായത്തുകളിൽ നിന്നുള്ള ആയിരക്കണക്കിനാളുകൾക്ക് നിരന്തരമായി ബന്ധപ്പെടാൻ അങ്ങേയറ്റം പ്രയാസവും ദുരിതവുമാണുള്ളത്. മുൻസിഫ് കോടതി കോഴിക്കോട് പട്ടണത്തിലാണുള്ളത്. നാല് മുൻസിഫ് കോടതികളാണ് കോഴിക്കോട് പട്ടണത്തിൽ പ്രവർത്തിക്കുന്നത്. ഇതിൽ ഏറ്റവും കൂടുതൽ കേസുകൾ വരുന്നത് എന്റെ മണ്ഡലമടക്കമുള്ള പുതുപ്പാടി, തിരുവമ്പാടി, താമരശ്ശേരി, കോഴഞ്ചേരി, കൂടരഞ്ഞി, കൊടിയത്തൂർ, കാരശ്ശേരി, ഓമശ്ശേരി, കുന്നമംഗലം, മടവൂർ, ഉണ്ണികുളം, നരിക്കിനി, മുക്കം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നാണ്. ഇതിന് യാത്രാദുരിതം, സമയനഷ്ടം എന്നിങ്ങനെ വമ്പിച്ച പ്രശ്നങ്ങളാണുള്ളത്. എനിക്ക് പറയുവാനുള്ളത് ഈ പഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശത്തിന്റെ മദ്ധ്യഭാഗത്തായിട്ടാണ് താമരശ്ശേരി. മുൻസിഫ് കോടതി സ്ഥാപിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രയോറിറ്റി ലിസ്റ്റിൽ 21-മതായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മാത്രവുമല്ല കഴിഞ്ഞതവണ ഞാൻ ഇതുസംബന്ധിച്ച് ഒരു സബ്മിഷൻ കൊണ്ടുവന്നിരുന്നു. അപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വളരെ പോസിറ്റീവായിട്ടുള്ള മറുപടിയാണ് ഇതുസംബന്ധിച്ച് നൽകിയിട്ടുള്ളത്. എനിക്ക് ഒരുകാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത് താമരശ്ശേരി ടൗണിൽ ഒരു കോടിയിലധികം രൂപ മുതൽമുടക്കുള്ള ഒരു കെട്ടിടത്തിന്റെ പകുതിയോളം വേക്കന്റായിട്ട് കിടക്കുകയാണ്. മാത്രവുമല്ല മജിസ്ട്രേട്ടുമാർക്ക് താമസിക്കാനുള്ള എല്ലാവിധ സൗകര്യങ്ങളോടുംകൂടിയുള്ള ക്വാർട്ടേഴ്സുകളും ഉണ്ട്. ഈ കെട്ടിടത്തിന്റെ പകുതി ഭാഗംപോലും ഉപയോഗപ്പെടുത്തുന്നില്ല. വളരെ മനോഹരമായ ഒരുകോടിയിൽപ്പരം മുതൽമുടക്കുള്ള ഒരു കെട്ടിടമാണ്. ഒരു നയാപൈസപോലും സർക്കാരിന് മുതൽമുടക്കില്ലാതെ ആയിരക്കണക്കിന് വ്യവഹാരങ്ങൾക്കുള്ള സൗകര്യമേർപ്പെടുത്താൻ സാധിക്കും. നാല് മുൻസിഫ് കോടതികളിൽ ഒന്നാണ് ഞാൻ ചോദിക്കുന്നത്. സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുള്ള താമരശ്ശേരി പട്ടണത്തിൽ ഒരു മുൻസിഫ് കോടതി ആരംഭിക്കുന്നതിന് ഗവൺമെന്റിന് ഒരു ബുദ്ധിമുട്ടുമില്ല. ഒരു രൂപയുടെ മുതൽമുടക്കില്ലാതെ കെട്ടിടമുള്ള താമരശ്ശേരിയിൽ ഒരു മുൻസിഫ് കോടതി സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. വയനാട് ജില്ലയിലെ അങ്ങേയറ്റം വയനാട് ചുരമടക്കമുള്ള പ്രദേശങ്ങൾ ഈ പരിധിയിൽ വരുന്നതുമാണ്. സിവിൽ വ്യവഹാരത്തിന് ഇത്രയുമധികം യാത്ര ചെയ്യേണ്ട മറ്റൊരു സ്ഥലം ഒരുപക്ഷെ കേരളത്തിൽത്തന്നെ വേറെ കാണുകയില്ല. അതൊക്കെ മനസ്സിലാക്കിക്കൊണ്ട് യാത്രാക്ലേശവും അതുപോലുള്ള മറ്റ് ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായ നടപടികളുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്. ബാർ അസോസിയേഷനും മറ്റ് സംഘടനകളും നിരവധി വർഷങ്ങളായി ആവശ്യപ്പെടുന്ന ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയും അങ്ങേയറ്റം താൽപര്യമെടുത്ത ഒരു വിഷയമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടിയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

മലയോര കുടിയേറ്റ മേഖലയിലെ കർഷകർ ഉൾപ്പെടെയുള്ള പട്ടിണി പാവങ്ങൾക്ക് വളരെ അനുകൂലമായിട്ടുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. തീർച്ചയായും ഇക്കാര്യത്തിൽ അനുകൂലമായ ഒരു മറുപടിയുണ്ടാകണമെന്ന് സവിനയം ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താമരശ്ശേരിയിൽ ഒരു മുൻസിഫ് കോടതി വേണമെന്നുള്ള ശ്രീ. സി. മോയിൻകുട്ടിയുടെ ആവശ്യം തികച്ചും ന്യായമാണ്. പക്ഷെ അത് എങ്ങനെവേണമെന്നുള്ള കാര്യത്തിലാണ് ഒരു തീരുമാനം വേണ്ടത്. ഹൈക്കോടതി തന്ന ലിസ്റ്റിൽ ഇത് 21-ാമത്തെ ഐറ്റമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ പുതുതായി ഹൈക്കോടതി ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുൻപിൽ വച്ചിട്ടുണ്ട്. അങ്ങുകൂടി അംഗീകരിക്കുകയാണെങ്കിൽ അത് ഉടനെ അനുവദിക്കാം. അതായത് താമരശ്ശേരിയിൽ രണ്ട് ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേട്ട് കോടതികളുണ്ട്. പക്ഷെ അവിടത്തെ ആളുകളെല്ലാം സമാധാനപ്രിയർ ആയതുകൊണ്ട് അടിപിടി കേസുകൾ വളരെ കുറവാണ്. അപ്പോൾ ഹൈക്കോടതി പറഞ്ഞിരിക്കുന്ന ഒരു നിർദ്ദേശം രണ്ടിൽ ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേട്ട് കോടതി II-നെ കൺവെർട്ട് ചെയ്ത് മുൻസിഫ് മജിസ്ട്രേട്ട് കോടതിയാക്കാമെന്നാണ്. ഹൈക്കോടതി ഗവൺമെന്റിന് തന്നിരിക്കുന്ന നിർദ്ദേശമാണ്. അത് അംഗീകരിക്കുകയാണെങ്കിൽ ഉടനെതന്നെ അത് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. സി. മോയിൻകുട്ടി: ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി രണ്ടെണ്ണം ഒന്നിച്ചാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിന്റെ സാദ്ധ്യതകൾ അങ്ങ് പരിശോധിച്ച് വളരെവേഗം ഈ കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: സബ്മിഷൻ ഇന്ന് ആർക്കും അനുവദിക്കില്ലെന്ന് തീരുമാനിച്ചതാണ്. പക്ഷെ അടിയന്തിരമായ ഒരു കാര്യം ബഹുമാനപ്പെട്ട ഡോ. എം. എ. കുട്ടപ്പൻ എഴുതിത്തന്നിട്ടുണ്ട്. കടൽ വെള്ളം കയറിയത് സംബന്ധിച്ചാണ്. അതുകൊണ്ട് ഒരു മിനിറ്റ് അനുവദിക്കുകയാണ്.

V. സബ്മിഷൻ

എറണാകുളം ജില്ലയിലെ ചെല്ലാനത്തും ഇടവനക്കാടും കടൽഭിത്തി നിർമ്മാണം

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇന്നലെ രാത്രി ഏതാണ്ട് പതിനൊന്നര പന്ത്രണ്ട് മണിയോടുകൂടി എറണാകുളം ജില്ലയുടെ തീരപ്രദേശമായ വൈപ്പിനിൽ കടൽ കയറുകയുണ്ടായി. കഴിഞ്ഞ പ്രാവശ്യം സുനാമിയുണ്ടായപ്പോൾ ഇടവനക്കാട് അഞ്ചുപേർ മരിച്ചതാണ്. ആലപ്പുഴ ജില്ലയിലും കൊല്ലം ജില്ലയിലും

LIBRARY ARCHIVES Kerala Legislative Assembly